5. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്.
6. ആര്യാട് ബ്ലോക്ക് പഞ്ചായത്ത്.
7. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്.
8. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്.
9. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്.
10. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്.
11. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്.
12. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്.

പ്രോജക്ടുകൾക്ക് അംഗീകാരം

103 (2901)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 1999-2000 വർഷത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകുവാൻ ബാക്കി ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകളാണ് ബി. എൽ.ഇ.സി. അംഗീകരിച്ചിട്ടും തടഞ്ഞുവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്ടുകൾ തടഞ്ഞുവെയ്ക്കാനുള്ള കാരണങ്ങൾ എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

2. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് (നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു.)

(ബി)&(സി) പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ടാണ് പദ്ധതിരേഖ അംഗീകരിക്കാതിരുന്നത്. ജില്ലാ ആസൂത്രണ സമിതി പരാതികളെക്കുറിച്ച് അന്വേഷിക്കാൻ ഒരു ഏഴംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

എസ്കേപ്ഡ് ടാക്സ്

104 (2902) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന വിനോദനികുതിയിലെ എസ്കേപ്ഡ് ടാക്സ് അസ്സസ് ചെയ്യത്തക്കവിധത്തിൽ നിയമത്തിൽ മാറ്റം വരുത്തുന്നത് പരിഗണിക്കണമെന്ന് കോടതി ഉത്തരവുണ്ടോ;

(ബി) എങ്കിൽ കോടതി ഉത്തരവ് ഏത് തീയതിയിലാണ്;

(സി) പഞ്ചായത്ത് ഡയറക്ടർ ഇത് സംബന്ധമായി ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് തീയതിയിൽ; ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17.08.1993

(സി) ഉണ്ട്.

(ഡി) 13/08/97-ൽ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

പത്രപ്പരസ്യങ്ങൾക്കായി പഞ്ചായത്തുകൾക്ക് നൽകുന്ന അനുവാദം

105 (2903) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ 10,000 രൂപയ്ക്ക് മുകളിൽ നൽകുന്ന പത്രപ്പരസ്യങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമുണ്ടോ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകൾക്ക് ഇങ്ങനെ അനുവാദം നൽകിയിട്ടുണ്ട്;

(സി) ഏതെങ്കിലും പഞ്ചായത്തുകളുടെ ഇത് സംബന്ധിച്ച അപേക്ഷ നിരസിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താൽ;

(ഡി) ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്ത് അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടിയെടുത്തു;

(ഇ) കൊന്നത്തടി പഞ്ചായത്തിന്റെ അപേക്ഷ നിരസിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) പത്രപരസ്യം കണ്ടിജന്റ് ചെലവുകളുടെ പരിധിയിൽപ്പെടുന്നു. കേരളാ പഞ്ചായത്ത്രാജ് ആക്ട് 156 (4) പ്രകാരം സർക്കാർ ഇത്തരം ചെലവുകൾക്ക് പരിധി നിശ്ചയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 27.5.98ലെ സ.ഉ.(എം.എസ്)107/98/തഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 5,000/- രൂപ വരെ മാത്രമേ ഈ ഇനത്തിൽ ചെലവഴിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളു.

(ബി)&(സി) അനുവാദം നൽകിയതിന്റെയും അപേക്ഷ നിരസിച്ചതിന്റെയും കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാത്ത അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്.

371/2010.

LIBRARY ARCHIVES Kerala Legislative Assembly